# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5326

01.07.2014 ൽ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ എന്നീ വായ്പാ സഹകരണ സംഘങ്ങൾക്കാണ് ചേരാൻ അർഹതയുള്ളത്. |
| (ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും സ്കീമിൽ അംഗമായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരാൻ അർഹതയുള്ള 1570 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ സംഘങ്ങൾ എന്നിവയിൽ 1342 സംഘങ്ങൾ സ്കീമിൽ ഇതിനകം അംഗമായിട്ടുണ്ട്. എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ എന്നിവയും സ്കീമിൽ ചേരാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) സ്കീമിൽ അംഗമാകാൻ എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ; | (സി) സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്ത 1570 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ 228 സംഘങ്ങൾ അംഗമാകാൻ ബാക്കിയുണ്ട്. |
| (ഡി) ഇവരെ സ്കീമിൽ അംഗമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഇവരെ സ്കീമിൽ അംഗമാക്കാൻ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡും സഹകരണ വകുപ്പും സംയുക്തമായി ജില്ലാതല യോഗങ്ങൾ വിളിച്ച് കൂട്ടി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ